(ബി) പ്രസ്തുത ക്ലബുകൾക്ക് ഗവൺമെന്റ് സാമ്പത്തിക സഹായം അനുവദിക്കാറുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര രൂപ വീതമാണ് പ്രതിവർഷം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സ്കൂളുകളിൽ ക്ലബ് രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള പ്രവർത്തനങ്ങളൊന്നും പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടക്കുന്നില്ല. എന്നാൽ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ, സ്കൂളുകളിൽ പ്രവർത്തിക്കുന്ന ഇത്തരം ക്ലബുകളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നുണ്ട്.

(ബി&സി) ഓരോ ക്ലബിനും 2500 രൂപ വീതം 2002, 2003 എന്നീ വർഷങ്ങളിൽ ടൂറിസം വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

93 (1403) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർവ്വശിക്ഷാ അഭിയാൻ ഏത് വർഷം മുതലാണ് നടപ്പിലാക്കിയതെന്ന് പറയാമോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) കഴിഞ്ഞ രണ്ട് വർഷമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഇതിന് ചെലവഴിച്ച തുക എത്രയാണ് ;

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പിലുള്ള ഗുരുതരമായ വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പദ്ധതി തുക ചെലവഴിക്കുന്നതിൽ ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഈ പദ്ധതി ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നിർവ്വഹിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2001-02 മുതലാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

(ബി)

1. ആറ് മുതൽ പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് 2010 വർഷത്തോടെ ഗുണമേന്മയുള്ള എലിമെന്ററി വിദ്യാഭ്യാസം നൽകുക.
2. 2003 വർഷത്തോടെ എല്ലാ കുട്ടികളെയും സ്കൂളിൽ എത്തിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

3. 2007 വർഷത്തോടെ എല്ലാകുട്ടികളും അഞ്ച് വർഷത്തെ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കുക.

4. 2010 വർഷത്തോടെ എല്ലാ കുട്ടികളും എട്ട് വർഷത്തെ എലിമെന്ററി വിദ്യാഭ്യാസം പൂർത്തിയാക്കുക.

5. ഒന്നാം ക്ലാസ്സിൽ പ്രവേശിക്കപ്പെടുന്ന മുഴുവൻ കുട്ടികളെയും "കൊഴിഞ്ഞുപോക്ക്" ഒഴിവാക്കി എട്ടാം ക്ലാസ്സ് വരെ 2010 വർഷത്തോടെ നിലനിർത്തുക.

(സി) 31.22 കോടി രൂപ.

(ഡി) ഈ പദ്ധതി നടത്തിപ്പിൽ ഗുരുതരമായ ക്രമക്കേടുകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പദ്ധതി തുക ചെലവഴിക്കുന്നതിൽ ഗുരുതരമായ ക്രമക്കേടുകൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) പദ്ധതി രേഖ തയ്യാറാക്കൽ, മോണിറ്ററിംഗ് തുടങ്ങിയവ ജില്ലാ പഞ്ചായത്തുകളുടെ സഹകരണത്തോട് കൂടിയാണ് നിർവ്വഹിക്കുന്നത്.

സർവ്വശിക്ഷാ അഭിയാൻ പദ്ധതി നടപ്പാക്കുന്നതിന് ലഭിക്കുന്ന തുക

94 (1404) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന തുക ഗ്രാന്റായാണോ ലഭിക്കുന്നത് ;

(ബി) അല്ലെങ്കിൽ എന്ത് വ്യവസ്ഥയിലാണ് കിട്ടുന്നത് ;

(സി) ഈ തുക എന്തിനെല്ലാമാണ് വിനിയോഗിക്കുന്നത് ?

ഉത്തരം

(എ) അതെ.

(ബി) ബാധകമല്ല.

(സി) ഈ തുക ഒന്നു മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനാണ് വിനിയോഗിക്കുന്നത്. സ്കൂൾ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സൗജന്യപാഠപുസ്തക വിതരണം (പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എല്ലാ കുട്ടികൾക്കും എല്ലാ പെൺകുട്ടികൾക്കും രണ്ട് മുതൽ എട്ടാം ക്ലാസ്സ് വരെ). അദ്ധ്യാപക പരിശീലനം, ഗിരിവർഗ്ഗ പിന്നോക്ക മേഖലകളിൽ എല്ലാ കുട്ടികളെയും സ്കൂളിൽ ചേർക്കുന്നതിന് വേണ്ടി ഭിന്നതലപഠന കേന്ദ്രങ്ങൾ ആരംഭിക്കൽ എന്നിവ ഇതിലുൾപ്പെടും.

LIBRARY ARCHIVES Kerala Legislative Assembly